(സി) എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) മറ്റ് പദ്ധതികൾക്കായി തുക അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം നടപ്പിലാക്കുന്ന ഹൈടെക് ഹരിതഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അങ്കമാലി നിയോജക മണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിൽനിന്നുള്ള 3 കോടി രൂപയുടെ പദ്ധതികളിൽ വിവിധ കൃഷികൾക്കായും മറ്റ് പദ്ധതികൾക്കായും സമർപ്പിക്കപ്പെട്ട അപേക്ഷകൾ ഇപ്രകാരമാണ് :

1.	മേൽക്കൂരയിലെ സോളാർ പാനൽ നിർമ്മാണം	- 136
2.	മേൽക്കൂരയിൽ മഴവെള്ള സംഭരണി നിർമ്മാണം	- 137
3.	മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം	- 275
4.	റിംഗ് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം	- 881
5.	പോർട്ടബിൽ ബയോഗ്യാസ് യൂണിറ്റ് സ്ഥാപിക്കൽ	- 807
6.	വാഴ കൃഷി	- 498
7.	പച്ചക്കറി കൃഷി	- 236

(ബി&സി) തുക ഇതിൽ ഒന്നിനും അനുവദിച്ചിട്ടില്ല.

(ഡി) കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മണ്ണ് സംരക്ഷണ പദ്ധതി

176 (1592) ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 അന്താരാഷ്ട്ര മണ്ണ് വർഷമായി ആചരിക്കുമ്പോൾ ഈ രംഗത്ത് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടിഞ്ഞുകൂടിയിരിക്കുന്ന ലോഹാവശിഷ്ടങ്ങളും പ്ലാസ്റ്റിക്കും രാസവസ്തുക്കളും മണ്ണിന്റെ സ്വാഭാവികതയെ മലിനപ്പെടുത്തുമ്പോൾ ഏതു രീതിയിലുള്ള പ്രവർത്തനത്തിലൂടെയാണ് മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കുക ;

(സി) ഇതിനായി പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) സമ്പൂർണ്ണ ജൈവ കൃഷി എന്ന ലക്ഷ്യം മുൻനിർത്തി മണ്ണ് സംരക്ഷണമേഖല നേരിടുന്ന പ്രതിസന്ധികളെ എപ്രകാരം തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്താരാഷ്ട്ര മണ്ണുവർഷത്തോടനുബന്ധിച്ച് മണ്ണുപര്യവേക്ഷണ സംരക്ഷണ വകുപ്പുവഴി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

1. അന്താരാഷ്ട്ര മണ്ണുവർഷത്തോടനുബന്ധിച്ച് ഗ്ലോബൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ കർഷകർക്ക് ഏറെ ഫലപ്രദമാകുന്നതും വെബ്സൈറ്റിലൂടെ കർഷകർക്ക് മണ്ണിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതുമായ മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (MISSK) എന്ന പദ്ധതി നടപ്പിലാക്കുക.

2. സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെയിടയിൽ മണ്ണിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി മത്സരങ്ങളും പ്രഭാഷണങ്ങളും സംഘടിപ്പിക്കുക.

3. മണ്ണ് ഇന്ന് നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും അത് തരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള നയപരിപാടികൾ രൂപീകരിക്കുന്നതിനായി സംസ്ഥാനതലത്തിൽ മണ്ണുശാസ്ത്രജ്ഞരുടെ കൂട്ടായ്മ സംഘടിപ്പിക്കുക.

4. മനുഷ്യരാശിയുടെ നിലനിൽപ്പിന് മണ്ണ് വഹിക്കുന്ന മുഖ്യ പങ്കിനെക്കുറിച്ച് ജനങ്ങളിലും വിദ്യാർത്ഥികളിലും കർഷകരിലും അവബോധം സൃഷ്ടിക്കുന്നതിനായി സെമിനാറുകൾ, സിമ്പോസിയം, എക്സിബിഷനുകൾ മുതലായവ സംഘടിപ്പിക്കുക.

(ബി&സി) പ്ലാസ്റ്റിക്കും ഘനലോഹങ്ങളും രാസവസ്തുക്കളും അടിഞ്ഞ് മലിനമായ മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കാൻ താഴെ പറയുന്ന പ്രവർത്തനങ്ങൾ പ്രയോജനകരമാണ്:

LIBRARY ARCHIVES Kerala Legislative Assembly

1. മണ്ണിലടിയുന്ന പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് സംസ്കരിക്കാവുന്നതാണ്. കൂടാതെ മറ്റിടങ്ങളിൽനിന്നുള്ള നല്ല മണ്ണ് ഉപയോഗപ്പെടുത്തി ഒരു പരിധിവരെ മലിനീകരണത്തിന്റെ തീവ്രത കുറയ്ക്കാൻ കഴിയും.

2. മാലിന്യങ്ങളുടെ സ്രോതസ് കണ്ടെത്തുകയും അവിടെത്തന്നെ പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യാവുന്നതാണ്.

3. ഘനലോഹങ്ങൾ ആഗിരണം ചെയ്യാൻ കഴിവുള്ള സസ്യങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള "ഫയ്റ്റോ റെമഡിയേഷൻ" (Phyto remediation)പോലുള്ള നൂതന സാങ്കേതിക വിദ്യകൾ അവലംബിച്ച് മലിനമായ മണ്ണിന്റെ ആരോഗ്യം ഒരു പരിധിവരെ വീണ്ടെടുക്കാവുന്നതാണ്.

4. മണ്ണിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

(ഡി) മണ്ണിന്റെ സംരക്ഷണവും ശരിയായ രീതിയിലുള്ള കൃഷിരീതികളും കണക്കിലെടുത്തുള്ള പദ്ധതികളാണ് കൃഷി, മണ്ണുപര്യവേക്ഷണ സംരക്ഷണ വകുപ്പുകൾ നടപ്പിലാക്കി വരുന്നത്. മണ്ണിലെ ഘനലോഹങ്ങളുടെയും കീടനാശിനികളുടെയും അവശിഷ്ടത്തെ സംബന്ധിച്ച പഠനങ്ങൾ നടത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കർഷകർക്കും ലഭ്യമാക്കുന്നതും ഇക്കാര്യത്തിൽ പ്രയോജനപ്രദമെന്ന് കരുതുന്നു.

മണ്ണ് സംരക്ഷണ പദ്ധതികൾ

177 (1593) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മണ്ണ് സംരക്ഷണത്തിന് തയ്യാറാക്കിയ കർമ്മ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) മണ്ണിലെ പോഷക ഘടകങ്ങൾ വർദ്ധിപ്പിക്കുവാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഏതെല്ലാം സംസ്ഥാന-കേന്ദ്ര പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത് ;

(ഡി) ഇവ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly